"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് – കേരള കള്ള് വ്യവസായ വികസന ബോർഡിൽ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

സ.ഉ.(കൈ) നം.74/2024/TAXES തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:- കേരള കള്ള് വ്യവസായ വികസന ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.05.2024- ലെ 10/2024/KTIDB (2) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിച്ച കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം ടി ബോർഡിൽ ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് അംഗീകാരം നൽകണമെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

| നം. | തസ്തിക | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം | യോഗ്യത/നിയമന രീതി |
|---|---|---|---|---|
| 1 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | മാതൃ വകുപ്പിലെ സേവന വേതന വ്യവസ്ഥ | 1 | കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റിന്റെ 13 (1) വകുപ്പ് പ്രകാരം |
| 2 | ടെക്നിക്കൽ ഓഫീസർ | മാതൃ വകുപ്പിലെ സേവന വേതന വ്യവസ്ഥ | 1 | കേരള എക്സൈസ് വകുപ്പിലെ ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വേതന വ്യവസ്ഥയിൽ നിയമനം |
| 3 | അഡ്മിനിസ്ട്രേറ്റീവ് & ഫിനാൻസ് ഓഫീസർ | 63700-123700 | 1 | സെക്രട്ടറിയറ്റ് ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള |

| | | | | |
|---|---|---|---|---|
| | | | | ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 4 | ലോ ഓഫീസർ | 63700-123700 | 1 | സെക്രട്ടറിയറ്റ് നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 5 | മാനേജർ (പ്രൊജക്ട് & ഡവലപ്മെന്റ്) | മാതൃ വകുപ്പിലെ സേവന വേതന വ്യവസ്ഥ<br>അല്ലെങ്കിൽ<br>കരാർ വേതനം | 1 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് മാനേജർ റാങ്കിലുള്ള സിവിൽ എൻജിനീയർ/ എം.ബി.എ യോഗ്യതയുള്ളവരിൽ നിന്നും അന്യത്ര സേവനം<br>അല്ലെങ്കിൽ<br>പൊതുമേഖല/സ്വകാര്യ മേഖലയിൽ തത്തുല്യമായ മാനേജർ തസ്തികയിൽ നിന്നും വിരമിച്ച സിവിൽ എഞ്ചിനിയർ/എം.ബി.എ യോഗ്യതയുള്ളവരിൽ നിന്നും കരാർ നിയമനം |
| 6 | അസിസ്റ്റന്റ് | 39300-83000 | 2 | സർക്കാർ വകുപ്പ്/പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാന തസ്തികയിലെ ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| | | മാതൃ വകുപ്പിലെ | | സർക്കാർ വകുപ്പ്/ പൊതുമേഖലാ സ്ഥാപനങ്ങളിലെ |

| | | | | |
|---|---|---|---|---|
| 7 | ക്ലർക്ക് | സേവന വേതന വ്യവസ്ഥ | 4 | ക്ലർക്ക് തസ്തികയിലെ ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | മാതൃ വകുപ്പിലെ സേവന വേതന വ്യവസ്ഥ | 1 | സർക്കാർ വകുപ്പ്/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 9 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | നിലവിലെ ധനകാര്യ വകുപ്പ് ഉത്തരവു പ്രകാരമുള്ള കരാർ ശമ്പള വ്യവസ്ഥ | 3 | പത്താം ക്ലാസ് യോഗ്യതയുള്ളവരിൽ നിന്നും കരാർ നിയമനം. സാധുവായ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ്. കുറഞ്ഞത് ഡ്രൈവിംഗിൽ 5 വർഷത്തെ പ്രവർത്തി പരിചയം. |
| 10 | സെക്യൂരിറ്റി കം റിസപ്ഷനിസ്റ്റ് | നിലവിലെ ധനകാര്യ വകുപ്പ് ഉത്തരവു പ്രകാരമുള്ള കരാർ ശമ്പള വ്യവസ്ഥ | 1 | പത്താം ക്ലാസ് യോഗ്യതയുള്ളവരിൽ നിന്നും കരാർ നിയമനം. |
| 11 | സ്വീപ്പർ | നിലവിലെ ധനകാര്യ വകുപ്പ് ഉത്തരവു പ്രകാരമുള്ള കരാർ ശമ്പള വ്യവസ്ഥ | 1 | കരാർ നിയമനം. |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡിൽ ചുവടെ ചേർക്കും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | തസ്തികളുടെ എണ്ണം | യോഗ്യത/നിയമന രീതി |
|---|---|---|---|
| 1 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ടിന്റെ 13(1) വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രകാരം |
| 2 | ടെക്നിക്കൽ ഓഫീസർ | 1 | കേരള എക്സൈസ് വകുപ്പിലെ ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് അന്യത്ര സേവന വേതന വ്യവസ്ഥയിൽ നിയമനം |
| 3 | അഡ്മിനിസ്ട്രേറ്റീവ് & ഫിനാൻസ് ഓഫീസർ | 1 | ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വേതന വ്യവസ്ഥയിൽ നിയമനം |
| 4 | മാനേജർ (പ്രൊജക്റ്റ്&ഡവലപ്മെന്റ്) | 1 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് മാനേജർ റാങ്കിലുള്ള സിവിൽ എൻജിനിയർ/എം.ബി.എ. കാരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | സർക്കാർ വകുപ്പ്/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 6 | ക്ലർക്ക് | 3 | സർക്കാർ വകുപ്പ്/പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്ലർക്ക് തസ്തികയിലെ ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം |
| 7 | സെക്യൂരിറ്റി സ്റ്റാഫ് | 1 | KEXCON മുഖേന കരാർ വ്യവസ്ഥയിൽ നിയമനം |
| 8 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | ബോർഡിന്റെ സ്വന്തം വാഹനങ്ങളുടെ എണ്ണത്തിന് അനുസൃതമായി | കരാർ വ്യവസ്ഥയിൽ നിയമനം |
| 9 | കാഷ്വൽ സ്വീപ്പർ | 1 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് വ്യവസായ വികസന ബോർഡ്,

തിരുവനന്തപുരം

**3.** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

**4.** പൊതുഭരണ (എസ്.സി) വകുപ്പിന് (14.11.2024-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ 2497 പ്രകാരം)

**5.** പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

**6.** നികുതി (എഫ്) വകുപ്പ്.

**7.** സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 16-11-2024 10:15:41

പകർപ്പ് -

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്